## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2003** 11.06.2018-ൽ മറുപടിക്ക്

### വയനാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രം

ചോദ്യം

ശ്രീ. ഒ. ആർ. കേളു

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | വയനാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) | ഉണ്ട്. വയനാട് ജില്ലയിൽ പതിനൊന്ന് പുതിയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശുപാർശയോടെ അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി) | അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാസാക്കുന്ന പ്രമേയത്തിന്റെയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശുപാർശ യുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് രണ്ട് കിലോമീറ്റർ ദൂരപരിധി ഉണ്ടായിരിക്കണമെന്ന നിബന്ധനയിൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4 ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചുവരുന്നത്. എന്നാൽ കോർപ്പറേഷൻ പരിധിയിലെ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ആവശ്യം പരിഗണിച്ചാണ് നിശ്ചയിക്കുന്നത്. ഒരു ലൊക്കേഷനിൽ അക്ഷയ |

| | | | |
|---|---|---|---|
| | | | കേന്ദ്രം അനുവദിച്ചുകഴിഞ്ഞാൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സംരംഭകനെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അർഹനായ സംരംഭകനെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |
| സി) | വയനാട് ജില്ലയിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | വയനാട് ജില്ലയിൽ നിലവിൽ 69 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ